# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003**

**ഫോൺ : 0471 2727378, ഫാക്സ് : 0471 2727379,** email : obcprematric@gmail.com


**BCDD/A3/1944 /16** തീയതി : 15/06/2016

## സർക്കുലർ

**വിഷയം : ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കും, തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ച ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് (2016-17) അനുവദിക്കുന്നതിന് സ്കൂൾ അധികൃതർക്ക് ഉള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്**

**സൂചന : സ.ഉ(എം.എസ്) 10/2014/പി.സ.വി.വ തീയതി 23.05.2014**

**ഒ.ഇ.സി** വിഭാഗം വിദ്യാർത്ഥികൾക്കും , സൂചന പ്രകാരം ഒ.ഇ.സി ക്ക് തുല്യമായ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന് , അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂൾ പ്രധാനാധ്യാപകർ ഓൺലൈൻ ആയി പിന്നാക്ക സമുദായ വികസന വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. ഓരോ സ്ഥാപനത്തിലേക്കും വിതരണത്തിനാവശ്യമായ തുക സ്കൂൾ പ്രധാനാധ്യാപകരുടെ ഔദ്യോഗിക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്.

***സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ***

1. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് /അഫിലിയേറ്റഡ് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായങ്ങളിലേയും (ഒ.ഇ.സി - അനുബന്ധം 1), സൂചന പ്രകാരം ഒ.ഇ.സി ക്ക് തുല്യമായ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച ഇതര സമുദായങ്ങളിലേയും (അനുബന്ധം 2) വിദ്യാർത്ഥികൾക്കാണ് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നത്.
2. സ്കൂൾ രേഖകൾ പ്രകാരം ഉള്ള വിവരങ്ങൾ **www.scholarship.itschool.gov.in** എന്ന വെബ് പോർട്ടൽ മുഖേന ഓൺലൈൻ ആയി 18.06.2016 മുതൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.
3. 15.07.2016 വൈകീട്ട് 5 മണിക്ക് ഓൺലൈൻ രജിസ്ട്രേഷൻ ക്ലോസ് ചെയ്യുന്നതാണ്. അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതിന് നിശ്ചിത തീയതിക്കുള്ളിൽ വിവരങ്ങൾ സമർപ്പിക്കുന്നതിന് പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യാതൊരു കാരണവശാലും തപാൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ/ക്ലെയിം സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതല്ല.
4. ജാതി സംബന്ധിച്ച് സംശയമുണ്ടെങ്കിൽ റവന്യൂ അധികാരിയിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.
5. ഒരേ ക്ലാസ്സിൽ ആവർത്തിച്ച് പഠിക്കുന്നവർക്ക് പകുതി തുകയ്ക്ക് മാത്രമേ അർഹതയുള്ളൂ. ഡാറ്റ എന്റർ ചെയ്യുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
6. വിദ്യാർത്ഥികളിൽ നിന്നും നിർബന്ധമായി അപേക്ഷ സ്വീകരിക്കേണ്ടതില്ല. എന്നാൽ ആവശ്യമെങ്കിൽ വിവരശേഖരണത്തിന് അനുബന്ധം 3 പ്രകാരമുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് വാങ്ങാവുന്നതാണ്.

7. **ലംപ്സം ഗ്രാന്റ് തുക സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ സ്കോളർഷിപ്പ് പോർട്ടലിൽ എന്റർ ചെയ്യുന്നതിലെ കൃത്യതയിൽ പ്രധാനാധ്യാപകർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖപ്പെടുത്തുന്ന അക്കൗണ്ടിൽ ഒരു തവണയെങ്കിലും ട്രാൻസാക്ഷൻ നടത്തിയിട്ടുണ്ടെന്നും, അക്കൗണ്ട് ലൈവ് ആണെന്നും ഉറപ്പാക്കേണ്ടതാണ്.**
8. അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്, ഫീസ് റീ ഇംപേഴ്സ്മെന്റ് എന്നിവ സ്ഥാപനമേധാവിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇ ട്രാൻസ്ഫർ ചെയ്യുന്നതാണ്.
9. അൺ എയ്ഡഡ്/അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ പ്രധാനാധ്യാപകർ നിശ്ചിത തീയതിക്കുള്ളിൽ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് പോർട്ടൽ മുഖേന ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ യ്ക്ക് **FORWARD** ചെയ്യേണ്ടതും, ലിസ്റ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. എ.ഇ.ഒ/ഡി.ഇ.ഒ യുടെ **CONFIRMATION** നു ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ. ഹൈസ്കൂളുകൾ ഡി.ഇ.ഒ യ്ക്കും, പ്രൈമറി സ്കൂളുകൾ എ.ഇ.ഒ യ്ക്കുമാണ് ലിസ്റ്റ് **FORWARD** ചെയ്യേണ്ടത്.
10. സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റ് പ്രകാരം, സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ലഭിക്കുന്ന തുക 7 ദിവസത്തിനകം കുട്ടികൾക്ക് വിതരണം നടത്തേണ്ടതും, അക്വിറ്റൻസ് സൂക്ഷിക്കേണ്ടതുമാണ്.

(ഒപ്പ്)

**ഡയറക്ടർ**
**പിന്നാക്ക സമുദായ വികസന വകുപ്പ്**

**പകർപ്പ് :**

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ്
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ് ,
എറണാകുളം/കോഴിക്കോട്
ഡയറക്ടർ , പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@ സ്കൂൾ
എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ മാർക്ക്
എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക്
കരുതൽ/അധികം

**പി.വി.എസ് 13.06.2016**

## അനുബന്ധം 1

### ഒ.ഇ.സി സമുദായങ്ങളുടെ ലിസ്റ്റ്

### List Other Eligible Communities

1 Chakkamar
2 Peruvannan
3 Varnnavan
4 Madiga
5 Chemman/Chemmar
6 Kudumbi
7 Dheevara/Dheevaran (Arayan,Valan,Nulayan,Mukkuvan,Arayavathi,Valanchiyar,Paniyakal,Mokaya,Bovi,Magayar,Mogaveerar)
8 Scheduled Caste converted to Christianity
9 Kusavan, Kulalan, Kubharan, Velaan, Odan, Andhra Nair, Andhuru Nair
10 Pulaya Vettuvan (Except Kochi State)

## അനുബന്ധം 2

**6 ലക്ഷം രൂപ എന്ന വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി ഒ.ഇ.സി ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സമുദായങ്ങളുടെ ലിസ്റ്റ്**

| *Sl. No.* | ***Name of the Community*** |
|---|---|
| 1. | Vaniya (Vanika, Vanika Vaisya, Vanibha Chetty, Vaniya Chetty, Ayiravar, Nagarathar and Vaniyan |
| 2. | Veluthedathu Nair (Veluthedan and Vannathan) |
| 3. | Chetty/Chetties (Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties, Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties, |
| 4. | Ezhavathi (Vathy) |
| 5. | Ganika |
| 6. | Kanisu or Kaniyar Panicker, Kani or Kaniyan (Ganaka) or Kanisan or Kamnan, Kalari Kurup / Kalari Panicker |
| 7. | Vilkurup, Perumkollan |
| 8. | Yadavas (Kolaya, Ayar, Mayar, Maniyani and Iruman), Erumakkar |
| 9. | Devanga |
| 10. | Pattariyas |
| 11. | Saliyas (Chaliya, Chaliyan) |
| 12. | Pandithar |
| 13. | Vaniar |
| 14. | Ezhuthachan |
| 15. | Chakkala / Chakkala Nair |
| 16. | Reddiars (throughout the State except in Malabar Area) |
| 17. | Kavuthiya |
| 18. | Veerasaiva (Yogi, Yogeeswara Poopandaram, Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi) |
| 19. | Vilakkithala Nair – Vilakkithalavan |
| 20. | Vaduka – Vadukan, Vadugar, Vaduka, Vaduvan |
| 21. | Chavalakkaran |
| 22. | Agasa |
| 23. | Kaikolan |
| 24. | Kannadiyans |
| 25. | Kerala Mudalis |
| 26. | Madivala |
| 27. | Naikkans |
| 28. | Tholkolans |
| 29. | Thottian |
| 30. | Mooppar or Kallan Moopan or Kallan Moopar |

**അനുബന്ധം 3**

**കേരള സർക്കാർ**
**പിന്നാക്ക സമുദായ വികസന വകുപ്പ്**

## 2016-17 ലെ ഒ.ഇ.സി ലംപ്സം ഗ്രാന്റിനുള്ള അപേക്ഷ

1. വിദ്യാർത്ഥിയുടെ പേര് :
2. രക്ഷിതാവിന്റെ പേര് :
3. വിദ്യാർത്ഥിയുമായുള്ള ബന്ധം :
4. മതം /ജാതി :
5. ക്ലാസ്സ്
6. അഡ്മിഷൻ നമ്പർ
7. ജനന തീയതി
8. ആൺ/പെൺ
9. രക്ഷിതാവിന്റെ വാർഷികവരുമാനം
10. ഇതേ ക്ലാസ്സിൽ എത്രാം വർഷം എന്ന് (Whether Repeater in Same Std)
11.

| **വിദ്യാർത്ഥിയുടെ വീട്ടുപേരും മേൽ വിലാസവും**<br>**(ജില്ല, പിൻകോഡ് എന്നിവ സഹിതം)** |
|---|
| |
| ഫോൺ നമ്പർ :<br>(STD കോഡ് സഹിതം) |
| ഇമെയിൽ(if any) : |

സ്ഥലം : വിദ്യാർത്ഥിയുടെ പേരും ഒപ്പും

തീയതി : രക്ഷിതാവിന്റെ പേരും ഒപ്പും

# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003
ഫോൺ : 0471 2727378, 04712727379 **email : obcdirectorate@gmail.com**

---

**BCDD /A3/ 1944/ 2016** ***"ഭരണഭാഷ - മാതൃഭാഷ"*** തീയതി: 15.06.2016

ഡയറക്ടർ

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം : പി.സ.വി.വ - ഒ. ഇ.സി ലംപ്സംഗ്രാന്റ് (2016-17) നോട്ടിഫിക്കേഷൻ - സംബന്ധിച്ച്

സൂചന : ഈ ആഫീസിലെ 15.06.2016 ലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ പ്രീമെട്രിക് വിദ്യാലയങ്ങളിൽ പഠിക്കുന്ന മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കുള്ള 2016-17 സാമ്പത്തിക വർഷത്തെ ഒ.ഇ.സി ലംപ്സംഗ്രാന്റ് വിതരണം ചെയ്യുന്നതിന് സൂചന പ്രകാരം ഈ ആഫീസിൽ നിന്നും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ സർക്കാർ/എയ്ഡഡ്/ അംഗീകൃത അൺഎയ്ഡഡ്/അഫിലിയേറ്റഡ് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലേയും പ്രധാനാധ്യാപകർ അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ **www.scholarship.itschool.gov.in** എന്ന വെബ്സൈറ്റ് മുഖേന പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുണ്ട്. അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം ഓരോ സ്ഥാപനത്തിലേയും വിദ്യാർത്ഥികൾക്ക് ആവശ്യമായ തുക സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടകളിലേക്ക് ഇ ട്രാൻസ്ഫർ ചെയ്യുന്നതാണ്.

പ്രധാനാധ്യാപകരും ഡി.ഡി, ഡി.ഇ.ഒ, എ.ഇ.ഒ എന്നിവരും ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ ഐ.ഡി/പാസ്സ്‌വേഡ് എന്നിവ സമ്പൂർണ്ണയിലേത് തന്നെയാണ്,. പദ്ധതിയുമായി ബന്ധപ്പെട്ട് ഈ ആഫീസിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സൂചനയിലെ നോട്ടിഫിക്കേഷന്റെ പകർപ്പും അപേക്ഷാഫോറത്തിന്റെ പകർപ്പും ഇതോടൊപ്പം ചേർക്കുന്നു. ആയത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും എല്ലാ ഡി.ഡി, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും സർക്കാർ/എയ്ഡഡ്/ അംഗീകൃത അൺഎയ്ഡഡ്/അഫിലിയേറ്റഡ് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലെ പ്രധാനാധ്യാപകർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിന് താങ്കളുടേയും സഹപ്രവർത്തകരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
ഡയറക്ടർ

<u>പകർപ്പ്</u>

1 ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) (എല്ലാ ജില്ലകളും)
2 എല്ലാ എ.ഇ.ഒ/ഡി.ഇ.ഒ മാർക്കും
3 ഡെപ്യൂട്ടി ഡയറക്ടർ, പി.സ.വി.വ - എറണാകുളം , കോഴിക്കോട്